മാറ്റിവയ്ക്കേണ്ടി വരും. അത്രയ്ക്ക് ഒരു ആവശ്യം ഈ കൊച്ചു കേരളത്തെ സംബന്ധിച്ചുണ്ടോ എന്നുള്ളതാണ് ചിന്തിക്കേണ്ട ഒരു കാര്യം. സമയം ഇല്ലാത്തതു കൊണ്ട് മറ്റ് കാര്യങ്ങളിൽ ദീർഘമായിട്ട് കടന്നു പോകുന്നില്ല. ചെയർമാന്റെ സേവന കാലാവധി പറഞ്ഞിരിക്കുന്നത്, അദ്ദേഹത്തിന് 65 വയസ്സ് തികയുന്നതുവരേയോ, ചെയർമാനായി സത്യപ്രതിജ്ഞ ചെയ്ത തീയതി മുതൽ 5 വർഷം തികയുന്നതുവരേയോ ഏതാണ് ആദ്യം അതുവരെ ആയിരിക്കുന്നതും, മറ്റ് അംഗങ്ങളുടെ കാലാവധി അവർ അംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്ത് തീയതി മുതൽ 5 വർഷം തികയുന്നതുവരേയോ അംഗം ആയിരുന്നില്ലെങ്കിൽ സർവ്വീസിൽ നിന്ന് പിരിയാമായിരുന്ന തീയതി വരെയോ ഏതാണ് ആദ്യം അത് വരെ ആയിരിക്കും എന്നാകുന്നു. സർ, ഇതിന് ഈ ഒരു ഭേദഗതി ഞാൻ ഇവിടെ നിർദ്ദേശിച്ചിട്ടുണ്ട്. നിയമിക്കുന്ന ആളുകളുടെ നിയമന യോഗ്യതകളും അവരുടെ കാലപരിധിയെ സംബന്ധിച്ചും ഒക്കെ കുറേ മാറ്റങ്ങൾ ആവശ്യമായിട്ടുണ്ട്. അത് നിയമസഭാതലത്തിൽ ചർച്ച ചെയ്യണമെന്നുള്ളതു കൊണ്ടാണ് ഞാൻ ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നത്.

(ചർച്ച തുടരും)

5. 2000-ലെ കേരള വൃദ്ധജന സംരക്ഷണ ബിൽ

ശ്രീ. എം. മുരളി : സർ, 2000-ലെ കേരള വൃദ്ധജന സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

സർ, വൃദ്ധജനങ്ങളുടെ പ്രശ്നങ്ങളെ അമിത പ്രാധാന്യത്തോടും അനുകമ്പയോടും കൂടിയാണ് സംസ്ഥാന സർക്കാർ കാണുന്നത്. അശരണരായ വൃദ്ധജനങ്ങളുടെ പരിപാലനം, സംരക്ഷണം, പുനരധിവാസം എന്നീ ലക്ഷ്യത്തോടെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ല ഒഴികെയുള്ള ജില്ലകളിൽ വൃദ്ധസദനം പ്രവർത്തിച്ചു വരുന്നു. പത്തനംതിട്ട ജില്ലയിലും ഉടൻ തന്നെ വൃദ്ധസദനം തുടങ്ങുന്നതിന് നടപടി എടുത്തിട്ടുണ്ട്. കൂടുതെ സന്നദ്ധ സംഘടനകൾ നടത്തുന്ന 158 വൃദ്ധസദനങ്ങളും സംസ്ഥാനത്ത് ഉണ്ട്. സർക്കാർ സ്ഥാപനങ്ങളുടെ ഓരോ അന്തേവാസിക്കും പ്രതിമാസം 250 രൂപ വീതം സംരക്ഷണ ചെലവ്.....

മി.സ്പീക്കർ : കാര്യകാരണ സഹിതമുള്ള മറുപടി അവസാനം. ഇപ്പോൾ ഒരു വാചകം, സ്വീകരിക്കുന്നുണ്ടോ ഇല്ലയോ ?

ശ്രീമതി സുശീലാ ഗോപാലൻ : സ്വീകരിക്കുന്നില്ല. ഇതിനുള്ള ചില നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. എം. മുരളി : സർ, ബഹു.മന്ത്രി ഈ ബില്ലിനെ എതിർത്തു കൊണ്ട് ചില നടപടികൾ സ്വീകരിക്കുന്നു, സ്വീകരിച്ചുകൊണ്ടിരിക്കുകയാണ് എന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറയുകയുണ്ടായി. വൃദ്ധസദനങ്ങൾ ഏതാനും ജില്ലാ കേന്ദ്രങ്ങളിൽ പത്തനംതിട്ട ഒഴിച്ചുള്ള ജില്ലാ കേന്ദ്രങ്ങളിൽ ഉണ്ടെന്ന് പറഞ്ഞു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഏതാണ്ട് ഇരുപത് കോടിയോളം രൂപ പ്രതിവർഷം വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായിട്ട് നമ്മുടെ സംസ്ഥാനത്ത് ചെലവഴിക്കുന്നുണ്ട്. ഏതാണ്ട് 65 വയസ്സ് കഴിഞ്ഞ കേരളീയരുടെ കണക്കെടുത്താൽ 25 ലക്ഷത്തോളം വരും. 60 വയസ്സ് പൂർത്തിയായവരെ വൃദ്ധജനങ്ങളായിട്ട് കരുതുന്നുവെങ്കിൽ ഏതാണ്ട് 40 ലക്ഷത്തോളം, നമ്മുടെ ജനസംഖ്യയുടെ ഏതാണ്ട് ആറിലൊന്ന് വരും. ഇപ്പോൾ റിട്ടയർമെന്റ് പ്രായം 55 ആയതുകൊണ്ട് 56 തൊട്ട് വൃദ്ധജനങ്ങളായിട്ട് കണക്ക് കൂട്ടണം എന്നുള്ളതാണല്ലോ ഔദ്യോഗിക മാനദണ്ഡം.

മി.സ്പീക്കർ : ഇപ്പോൾ 60 വയസ്സാണ് ഔദ്യോഗികം.

ശ്രീ. എം. മുരളി : 60 വയസ്സാണെങ്കിൽ 40 ലക്ഷത്തോളം വൃദ്ധജനങ്ങൾ ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. ഞാൻ ഞെട്ടിപ്പിക്കുന്നത് എന്ന് പറയുന്നില്ല. അത്ഭുതപ്പെടുത്തുന്ന ഒരു കണക്ക്, നമ്മുടെ ആരോഗ്യ ശാസ്ത്രജ്ഞന്മാർ പറയുന്നത് 25 വർഷങ്ങൾ കഴിഞ്ഞാൽ 2025 ആകുമ്പോൾ കേരളീയരുടെ ശരാശരി മനുഷ്യായുസ്സ് Life expectancy, 125 വയസ്സാകും എന്നാണ്. 25 വർഷം കൂടെ കഴിഞ്ഞാൽ 2025-ൽ കേരളീയരുടെ ശരാശരി മനുഷ്യായുസ്സ് 125 ആകാൻ പോവുകയാണ്.

മി.സ്പീക്കർ : ശ്രീ. എം. മുരളി അങ്ങനെ ആഗ്രഹിക്കുന്നുണ്ടോ ?

ശ്രീ. എം. മുരളി : ഞാനിത് പറയുമ്പോൾ തന്നെ കേൾക്കുന്നവർ പെട്ടെന്നൊന്ന് മനകണക്ക് കൂട്ടുമെന്നെനിക്കറിയാം. എല്ലാവരും ആഗ്രഹിക്കുമല്ലോ ഒരു ദിവസം കൂടുതൽ ജീവിക്കാൻ. 2025-യോടുകൂടി മനുഷ്യായുസ്സിന്റെ കാര്യത്തിൽ വലിയ ഒരു കുതിച്ചു കയറ്റം കേരളീയർക്ക് ഉണ്ടാകും എന്നത് കണക്കിലെടുത്തുകൊണ്ടു തന്നെ വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് വേണ്ടി ആസൂത്രിതമായ പരിപാടികൾക്കും പദ്ധതികൾക്കും രൂപം നൽകണമെന്നുള്ളതാണ് എന്റെ വിനീതമായ അഭിപ്രായം. കേരളത്തിന്റെ പ്രത്യേകത, അശരണരും രോഗികളുമായി ജീവിത സായാഹ്നത്തിലെത്തി നിൽക്കുന്നവർ, നമ്മുടെ സാമൂഹ്യ ഘടനയുടെ പ്രത്യേകതയാവാം, കുടുംബ ബന്ധങ്ങൾക്ക് പരിപാവനത്വം കല്പിക്കുന്ന നമ്മൾ മലയാളികൾ പോലും, കേരളീയർ പോലും മക്കൾ വിദേശ രാജ്യങ്ങളിലോ അല്ലെങ്കിൽ കേരളത്തിന് പുറത്തോ ആയാൽ ; ഈ വൃദ്ധരായ മാതാപിതാക്കളുടെ സംരക്ഷണം ഉറപ്പുവരുത്താൻ ഹോംനഴ്സിനേയും മറ്റ് ആശ്രിതരേയും ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഇന്ന് തന്നെ നമ്മൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അപ്പോൾ 2025-ലെ സ്ഥിതി എന്തായിരിക്കും ? 2025 ആകുമ്പോൾ 125 വയസ്സ് ശരാശരി ആയുസ്സ് ഉണ്ടാകുന്നുവെങ്കിൽ കേരളീയ ജനസംഖ്യയുടെ 65% വൃദ്ധജനങ്ങൾ എന്ന് വിശേഷിപ്പിക്കാവുന്ന വിഭാഗത്തിനായിരിക്കും അത് എന്ന കാര്യം കൂടി നമ്മൾ, ഭരണകൂടം, അല്ലെങ്കിൽ ഭരണകർത്താക്കൾ ദൂരകാഴ്ചയോടെ കാണണം എന്നുള്ളത് കൊണ്ടാണ് ഞാൻ ഈ നിയമം കൊണ്ടു വന്നത്. അതുകൊണ്ട് നിസ്സഹായരായ, കുടുംബ ബന്ധങ്ങളുടെ പാവനത്വം ഒരു പക്ഷേ പാലിക്കപ്പെടാൻ കഴിയാതെ പോകുന്ന നിരാലംബരായ, ആരും തിരിഞ്ഞു നോക്കാനില്ലാത്ത, അഗതി

LIBRARY ARCHIVES Kerala Legislative Assembly

മന്ദിരങ്ങളിൽ പോകാൻ നിവൃത്തിയില്ലാത്ത, വീടുകളിൽ വേണ്ട സംരക്ഷണം ലഭിക്കാതെ പോകുന്ന, ആറ്റുനോറ്റു വളർത്തുന്ന മക്കളുടെപോലും സംരക്ഷണം ലഭിക്കാൻ ആധുനിക ജീവിതത്തിന്റെ പ്രത്യേകത കൊണ്ട് കഴിയാതെ പോകുന്ന വൃദ്ധജനങ്ങൾക്ക് ഭരണഘടനാപരമായ ബാദ്ധ്യത തന്നെ വച്ചിട്ടുണ്ട്. ആർട്ടിക്കിൾ 21, ഫണ്ടമെന്റൽ റൈറ്റാണ്, ജീവിക്കാനുള്ള അവകാശം. ആർട്ടിക്കിൾ 41, Old age, Sickness, Disablement.....The State is to give public assistance in cases of old age sickness and disablement. ഭരണഘടനാപരമായ ബാദ്ധ്യതയാണ്. ആ ബാദ്ധ്യത നിർവ്വഹിക്കാൻ നമ്മുടെ സംസ്ഥാന ഗവൺമെന്റ് ദൃഢനിശ്ചയത്തോടെ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് എന്റെ വിനീതമായ അപേക്ഷ. അതിന് ഇന്നുള്ള 20 കോടി രൂപ മുതൽ മുടക്കി ചെറിയ ഒരു പെൻഷൻ നൽകുന്നതോ ഏതാനും വൃദ്ധസദനങ്ങൾ....വൃദ്ധസദനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് ഒരുപാട് പരാതികളുണ്ട്. വൃദ്ധസദനങ്ങൾ ജില്ലാ തലത്തിൽ മാത്രമല്ല താലൂക്ക് തലത്തിലും സ്ഥാപിച്ചതുകൊണ്ട് മാത്രം ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുകയില്ല. God's Own Country, Old's Own Country ആയിട്ട് ഏതാനും വർഷങ്ങൾ കഴിയുമ്പോൾ മാറും എന്ന കാര്യം ഗവൺമെന്റിനെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് സ്റ്റാറ്റ്യൂട്ടറി ആയിത്തന്നെ കേരളീയരായ വൃദ്ധജനങ്ങളുടെ സംരക്ഷണം ഉറപ്പ് വരുത്താനുള്ള ഉത്തരവാദിത്തം നമ്മൾ ഏറ്റെടുക്കണം. സർ, പീഡിയാട്രിക്-കുഞ്ഞുങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം കൊടുക്കുമല്ലോ ? ജെറിയാട്രിക്-വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള ആരോഗ്യശാസ്ത്ര ശാഖയാണ്. ആ ജെറിയാട്രികിന് പ്രാധാന്യം കൊടുത്തു കൊണ്ട് കേരളീയ സമൂഹത്തിന്റെ 65% ആയി പെരുകാൻ പോകുന്ന, വളരാൻ പോകുന്ന വൃദ്ധജനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി സംരക്ഷണം ഉറപ്പുവരുത്താനുള്ള നടപടികൾക്ക് കേരളം തുടക്കം കുറിക്കണം എന്ന് കരുതികൊണ്ടാണ് ഈ വൃദ്ധജന സംരക്ഷണ ബിൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

(ചർച്ച തുടരും)

6. ദി കേരള സിവിൽ കോർട്ട്സ് അമെന്റ്മെന്റ് ബിൽ, 2000

ശ്രീ. എം. മുരളി : സർ, കേരള സിവിൽ കോർട്ടസ് അമെന്റ്മെന്റ് ബിൽ 2000-ന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി റോസമ്മ ചാക്കോ : സർ, ഞാൻ പിന്താങ്ങുന്നു.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ.....

ശ്രീ. എം. മുരളി : സർ, ഈ അമെന്റ്മെന്റ് നിയമ മന്ത്രി തന്നെ മറുപടി പറയുന്നതിൽ.....

മി.സ്പീക്കർ : നിയമ മന്ത്രിക്ക് വേണ്ടി അദ്ദേഹമാണ് മറുപടി പറയുന്നത്.

ശ്രീ. എം. മുരളി : സർ, അത് അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസാണ്. യഥാർത്ഥത്തിൽ അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റീസ് വരുന്നത് മുഖ്യമന്ത്രിയുടെ കീഴിലാണ്.

LIBRARY ARCHIVES Kerala Legislative Assembly